**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 55** **12-01-2021 - ല്‍ മറുപടിയ്ക്ക്**

**മുളവുകാട് റോഡ് വികസന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എസ്. ശര്‍മ്മ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | ജിഡ ഫണ്ട് വിനിയോഗിച്ച് നിര്‍മ്മാണം നടന്നുവരുന്ന മുളവുകാട് റോഡ് വികസനപദ്ധതിയുടെ പുരോഗതി വിശദമാക്കാമോ; | (എ) | ജിഡ ഫണ്ട് വിനിയോഗിച്ച് വീതി കൂട്ടുന്ന മുളവുകാട് 5 .5 കിലോമീറ്റര്‍ റോഡ് പദ്ധതിയില്‍ ഒന്നാം ഘട്ടം 2 .5 കിലോമീറ്ററും രണ്ടാം ഘട്ടം 1 .5 കിലോമീറ്ററും നിര്‍മ്മാണം പൂര്‍ത്തിയാക്കി കഴിഞ്ഞു. തുടര്‍ന്നുള്ള 1 .5 കിലോമീറ്റര്‍ റോഡിന്റെ നിര്‍മ്മാണത്തിനുള്ള എസ്റ്റിമേറ്റ് KITCO-യും യൂട്ടിലിറ്റി ലൈന്‍സ് മാറ്റുന്നതിനുള്ള എസ്റ്റിമേറ്റുകള്‍ BSNL, KSEB, KWA എന്നിവരും സമര്‍പ്പിച്ചിട്ടുണ്ട്. സ്ഥലമെടുക്കുന്ന നടപടികളും KITCO നടത്തിവരുന്നു. മേല്‍ എസ്റ്റിമേറ്റുകള്‍ക്ക് ജിഡ ജനറല്‍ കൗണ്‍സിലിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള നടപടികള്‍ നടന്നുവരുന്നു. |
| (ബി) | രണ്ടാംഘട്ട വികസനപ്രവര്‍ത്തനങ്ങള്‍ എന്നത്തേക്ക് പൂര്‍ത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (ബി) | രണ്ടാം ഘട്ടത്തില്‍ ഇനിയുള്ള 1.5 കിലോമീറ്റര്‍ നിര്‍മ്മാണത്തിനുള്ള എസ്റ്റിമേറ്റുകള്‍ക്ക് ജിഡ ജനറല്‍ കൗണ്‍സില്‍ അംഗീകാരം ലഭ്യമാക്കി ഭരണാനുമതിയും നല്‍കിയതിനു ശേഷം മാത്രമേ പ്രവൃത്തി ടെന്‍ഡര്‍ ചെയ്ത് നിര്‍മ്മാണ പ്രവൃത്തികള്‍ ആരംഭിക്കുവാന്‍ സാധിക്കുകയുള്ളൂ. |

സെക്ഷന്‍ ഓഫീസര്‍